# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി 10/701/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 16/11/2021
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി 10/701/2021 തീയ്യതി: 16/11/2021

**കാസർഗോഡ് ജില്ലയിലെ കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അജിതൻ.ടി.എൻ | ഡെപ്യൂട്ടി ഡയറക്ടർ | 24-09-2021 | 08-10-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-09-2021 | 08-10-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

വിനോദ് കുമാർ.സി (ഓഡിറ്റ് ഓഫീസർ)
തോമസ്.കെ (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
സുനിൽ കുമാർ.എം (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ബിന്ദു.വി.വി (ഓഡിറ്റർ)
ഹരി വേണുഗോപാലൻ. കെ.വി (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കെ.ശകുന്തള | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| കൃഷ്ണ കുമാർ ടി എ | സെക്രട്ടറി | 01-04-2019 | 20-05-2019 |
| കെ.വി.സേവ്യർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-05-2019 | 29-05-2019 |
| കൃഷ്ണ കുമാർ ടി എ | സെക്രട്ടറി | 30-05-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കെ.വി .സേവ്യർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 30-01-2020 |
| അബ്ദുള്ള. ഇ.പി | അസിസ്റ്റന്റ് സെക്രട്ടറി | 31-01-2020 | 31-03-2020 |
| അശ്വതി ശ്രീധരൻ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 13-02-2020 |
| രമേശൻ കുറുവാട്ടിൽ | അസിസ്റ്റന്റ് എഞ്ചിനിയർ | 14-02-2020 | 31-03-2020 |
| സുഷ.ബി | കൃഷി ഓഫീസർ | 01-04-2019 | 26-09-2019 |
| രേഷ്മ കെ പി | കൃഷി ഓഫീസർ | 27-09-2019 | 31-03-2020 |
| സരിത.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-05-2019 |
| ശോഭ. പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-06-2019 | 31-03-2020 |
| നാരായണൻ.എം | പ്രധാനാധ്യാപകൻ | 01-04-2019 | 31-03-2020 |
| മുഹമ്മദ് റാഷാദ് | വെറ്റിനറി സർജ്ജൻ | 01-04-2019 | 05-03-2020 |
| അഖിൽ രാഗ് .ആർ | വെറ്റിനറി സർജ്ജൻ | 06-03-2020 | 31-03-2020 |
| ഡോ.അരുൺ കുമാർ | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2019 | 31-03-2020 |
| ഡോ.സലീം.എൽ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2019 | 11-06-2019 |

| | | | |
|---|---|---|---|
| ഡോ.ഇന്ദു.എ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 12-06-2019 | 11-07-2019 |
| ഡോ.സലീം.എൽ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 12-07-2019 | 13-10-2019 |
| ഡോ.ഇന്ദു.എ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 14-10-2019 | 22-12-2019 |
| ഡോ.പ്രിയ.കെ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 23-12-2019 | 12-02-2020 |
| ഡോ.ശ്രീജ.എസ്.എൽ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 13-02-2020 | 02-03-2020 |
| ഡോ.പ്രിയ.കെ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 03-03-2020 | 31-03-2020 |
| ഡോ.മുജീബ് റഹ്മാൻ.സി.എച്ച് | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2019 | 31-03-2020 |
| വേണുഗോപാലൻ.പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| പോൾ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |
| രമേശൻ.എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ചീമേനി സർക്കിൾ | 01-04-2019 | 28-06-2019 |
| ചാക്കോ.പി.എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ചീമേനി സർക്കിൾ | 29-06-2019 | 31-03-2020 |
| സുരേഷ് കുമാർ .എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ കയ്യൂർ സർക്കിൾ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sunilkumar. M (Senior Grade Auditor, On 06-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-10-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 09-10-2021)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 09-10-2021) | 1-2 |
| 3 | ക്യൂ ബിൽ തുകകൾ ലയബിലിറ്റി ഹെഡിലേക്ക് മാറ്റിയിട്ടില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 09-10-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 01-11-2021) | 1-2-1 |
| 4 | ഇല്ലാത്ത ആസ്തിയുടെ മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തി<br>Written By: Sunilkumar. M (Senior Grade Auditor, On 09-10-2021)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 09-10-2021) | 1-2-2 |
| 5 | ഗുണഭോക്തൃ വിഹിതത്തിന്റെ കണക്കിൽ പോരായ്മകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 09-10-2021)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 09-10-2021) | 1-2-3 |
| 6 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ/തേയ്മാനം/പെൻഷൻ തുകകൾ- രേഖപ്പെടുത്തലുകൾക്ക് ആധാരമാക്കിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 09-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-10-2021) | 1-2-4 |
| 7 | ഇ-ടെണ്ടർ - ബിഡ് സമർപ്പണ ഫീസിനത്തിൽ ലഭിക്കാനുള്ള തുക വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 09-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-10-2021) | 1-2-5 |
| 8 | സാമ്പത്തിക വിശകലനം<br>Written By: Sunilkumar. M (Senior Grade Auditor, On 06-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-10-2021) | 1-3 |
| 9 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം<br>Written By: Thomas. K (Asst. Audit Officer, On 04-10-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 01-11-2021) | 1-4 |
| 10 | പദ്ധതി അവലോകനം.<br>Written By: Thomas. K (Asst. Audit Officer, On 04-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-10-2021) | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി<br>Written By: Vinoth Kumar C (Audit Officer, On 06-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-10-2021) | 1-6 |
| 12 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം<br>Written By: Thomas. K (Asst. Audit Officer, On 06-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-10-2021) | 1-7 |
| 13 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Bindu.V.V (Auditor, On 07-10-2021)<br>Last Updated By: Bindu.V.V (Auditor, On 07-10-2021) | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം<br>Written By: Vinoth Kumar C (Audit Officer, On 09-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-10-2021) | 1-9 |
| 15 | തൊഴിൽ നികുതി - അപാകതകൾ<br>Written By: Hari Venugopalan K V (Auditor, On 08-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-10-2021) | 1-10 |
| 16 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക | 1-11 |

| | | |
|---|---|---|
| | പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - ലൈസൻസ് ഫീസ് പുതുക്കി നിശ്ചയിച്ചിട്ടില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 08-10-2021)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 08-10-2021) | |
| 17 | കെട്ടിട നിർമ്മാണ നിയന്ത്രണം- നടപടിക്രമങ്ങളിൽ വീഴ്ച.<br>Written By: Sunilkumar. M (Senior Grade Auditor, On 09-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-11-2021) | 1-12 |
| 18 | ഇ ടെണ്ടർ - ബിഡ് സമർപ്പണ ഫീസ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചില്ല<br>Written By: Vinoth Kumar C (Audit Officer, On 09-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-10-2021) | 1-13 |
| 19 | പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരന്റെ ആർജിതാവധി കണക്കാക്കിയതിലെ അപാകത.<br>Written By: Vinoth Kumar C (Audit Officer, On 09-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-11-2021) | 1-14 |
| 20 | ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Bindu.V.V (Auditor, On 10-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-11-2021) | 1-15 |
| 21 | കന്നുകുട്ടി പരിപാലന പദ്ധതി - പദ്ധതി പൂർത്തികരിച്ചില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 09-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-11-2021) | 1-16 |
| 22 | ലാപ് ടോപ്പ് വിതരണ പദ്ധതി -വാറന്റി ഉറപ്പാക്കിയിട്ടില്ല.<br>Written By: Thomas. K (Asst. Audit Officer, On 10-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-11-2021) | 1-17 |
| 23 | വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.<br>Written By: Thomas. K (Asst. Audit Officer, On 10-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-10-2021) | 1-18 |
| 24 | ക്യാഷ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.<br>Written By: Thomas. K (Asst. Audit Officer, On 10-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-10-2021) | 1-19 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Thomas. K (Asst. Audit Officer, On 03-10-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 03-10-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Thomas. K (Asst. Audit Officer, On 03-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-10-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Thomas. K (Asst. Audit Officer, On 03-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-10-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Thomas. K (Asst. Audit Officer, On 03-10-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 03-10-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Thomas. K (Asst. Audit Officer, On 03-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-10-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |

| | | |
|---|---|---|
| | Written By: Thomas. K (Asst. Audit Officer, On 03-10-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 03-10-2021) | |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Thomas. K (Asst. Audit Officer, On 03-10-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 03-10-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Thomas. K (Asst. Audit Officer, On 03-10-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 03-10-2021) | 4-8 |
| 9 | ചാർജ്ജ്, സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Thomas. K (Asst. Audit Officer, On 03-10-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 03-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Thomas. K (Asst. Audit Officer, On 03-10-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 12-10-2021) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Thomas. K (Asst. Audit Officer, On 03-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-10-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 1/1 21.2.2019 | 1/1 05.03.2020 |
| മുന്നിരിപ്പ് | 10005346 | 11169441 |
| വരവ് | 175453732 | 180595407 |
| ആകെ | 185459078 | 191764848 |
| ചെലവ് | 181803485 | 185202985 |
| നീക്കിയിരിപ്പ് | 3655593 | 6561863 |

### 1-2 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വാർഷിക ധനകാര്യ പത്രിക വിശദമായി പരിശോധിച്ചു. വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 ക്യൂ ബിൽ തുകകൾ ലയബിലിറ്റി ഹെഡിലേക്ക് മാറ്റിയിട്ടില്ല.

ഓഡിറ്റിന് സമർപ്പിച്ച ക്യൂ ബിൽ റിപ്പോർട്ട് പ്രകാരം 2019-20 ൽ വിവിധ ഫണ്ടിനങ്ങളിലായി 1,27,46,835/- ക്യൂ ബില്ലായിട്ടുണ്ട് . എന്നാൽ ഈ തുകകൾ ലയബിലിറ്റി ഹെഡിലേക്ക് മാറ്റിയിട്ടില്ല. തൻ വർഷം പ്രവൃത്തി പൂർത്തീകരിച്ച് ആസ്തി ആർജ്ജിക്കപ്പെട്ടതും ക്യൂ ബിൽ ആയതിനാൽ അടുത്ത സാമ്പത്തിക വർഷം തുക നൽകാനുള്ളതുമായ ചെലവുകൾ വാർഷിക കണക്കിൽ ആസ്തി / ബാധ്യതാ പത്രികകളിൽ ഉൾകൊള്ളിക്കുന്നില്ല.

### 1-2-2 ഇല്ലാത്ത ആസ്തിയുടെ മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തി

വാർഷിക ധനകാര്യ പത്രികയിലെ ബി 11 പത്രിക പ്രകാരം Bus Stands എന്ന ശീർഷകത്തിൽ 32,078 രൂപ മൂല്യമുള്ള ആസ്തി സ്ഥാപനത്തിനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്ഥാപന പരിധിയിൽ ബസ് സ്റ്റാന്റ് ഇല്ല. ഇല്ലാത്ത ശീർഷകത്തിൽ ആസ്തിമൂല്യം രേഖപ്പെടുത്തിയത് മൂലം തെറ്റായ കണക്കുകളെയാണ് വാർഷിക കണക്കുകൾ പ്രതിഫലിപ്പിക്കുന്നത്.

### 1-2-3 ഗുണഭോക്തൃ വിഹിതത്തിന്റെ കണക്കിൽ പോരായ്മകൾ

2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ഗുണഭോക്തൃ വിഹിതം എന്ന കണക്കിൽ നിർവഹണ ഉദ്യോഗസ്ഥൻമാർ ഗുണഭോക്താക്കളിൽ നിന്നും പിരിച്ച് പഞ്ചായത്തിൽ അടച്ചതിന്റെയും അതിൽ നിന്നുള്ള ചെലവിന്റെയും കണക്കുകൾ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. എന്നാൽ ഉദ്പാദന മേഖലയിൽ കൃഷി ഓഫീസറും വെറ്റിനറി സർജനും നടപ്പിലാക്കിയ മിക്ക പ്രോജക്ടുകൾക്കും ഗുണഭോക്തൃ വിഹിതം വകയിരുത്തിയിരുന്നു. ഈ തുക ഗുണഭോക്താക്കൾ നേരിട്ട് ചെലവ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരം ഗുണഭോക്താക്കൾ നേരിട്ട് ചെലവ് ചെയ്ത തുക കണക്കാക്കി ഗുണഭോക്തൃ വിഹിതം ഇനത്തിൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ പ്രോജക്ടുകളുടെ മൊത്തം ചെലവുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല എന്ന് വിലയിരുത്തേണ്ടി വരുന്നു.

### 1-2-4 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ/തേയ്മാനം/പെൻഷൻ തുകകൾ- രേഖപ്പെടുത്തലുകൾക്ക് ആധാരമാക്കിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

വികസന ഫണ്ട് ജനറൽ, എസ്.സി.പി., ടി.എസ്.പി., ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഫണ്ട് (റോഡ്, നോൺ റോഡ്) എന്നീ ഫണ്ടുകളിൽ നിന്നും 312100101 - കാപ്പിറ്റൽ കോൺട്രിബ്യൂഷൻ

എന്ന കണക്കിലേക്ക് 31.03.2020 ന് തുകകൾ മാറ്റിയിട്ടുണ്ട്. എന്നാൽ ഈ തുകകൾ കണക്കാക്കിയതിന്റെ വിവരങ്ങൾ / രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

വിവിധ ആസ്തികൾക്ക് 2019-20 വർഷം തേയ്മാനം രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് കണക്കാക്കിയതിന്റെയും തേയ്മാന പട്ടിക പഞ്ചായത്ത് അംഗീകരിച്ചതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

**1-2-5 ഇ-ടെണ്ടർ - ബിഡ് സമർപ്പണ ഫീസിനത്തിൽ ലഭിക്കാനുള്ള തുക വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.**

ബിഡ് സമർപ്പണ ഫീസിനത്തിൽ ഇനത്തിൽ ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക ഡിമാന്റ് ചെയ്ത് ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ I-5(B) ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ അദർ റെസീവബിൾസ് (കറൻറ്) എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

**1-3 സാമ്പത്തിക വിശകലനം**

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2019-20 |
|---|---|
| മുന്നിരിപ്പ് | 17987913 |
| വരവ് | 60228915 |
| ആകെ | 78216828 |
| ചെലവ് | 58796777 |
| നീക്കിയിരിപ്പ് | 19420051 |

**1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം**

**എ)ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2019-20)**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 14478600 | 14478600 | 13328007 | 1150593 | 92 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2283000 | 2283000 | 1408324 | 874676 | 61.7 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 780000 | 780000 | 586485 | 193515 | 75 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 11793000 | 11793000 | 5536235 | 6256765 | 47 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4678000 | 4678000 | 3171086 | 1506914 | 67.8 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 11517839 | 11517839 | 4393155 | 7124684 | 38 |
| ആകെ | 0 | 45530439 | 45530439 | 28423292 | 17107147 | 62.24 |

(വികസനഫണ്ട് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത ₹10,74,635/-(ജനറൽ) ,₹14,706 (എസ്.സി.പി.) എന്നീ തുകകൾ മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്. 41 പ്രൊജക്ടുകളിലായി 1,27,46,835 /- രൂപ അടുത്ത സാമ്പത്തിക വർഷം ക്യൂ ബിൽ ആയി മാറിയിട്ടുണ്ട്.)

**ബി)ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 12253372 | 12253372 | 12253372 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1393618 | 1393618 | 1393618 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 586485 | 586485 | 586485 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 5536235 | 5536235 | 5536235 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 3171086 | 3171086 | 3171086 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4393155 | 4393155 | 4393155 | 0 |
| ബി ഫണ്ട് | | | | | |
| തൊഴിൽ രഹിത വേതനം | 0 | 0 | 0 | 0 | 0 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 0 | 210000 | 210000 | 210000 | 0 |
| തൊഴിലുറപ്പ് - 100 ദിന ഇൻസെന്റീവ് | 0 | 534000 | 534000 | 534000 | 0 |
| ടി.എസ്.ബി ജനറൽ പർപ്പസ് അക്കൗണ്ട് * | 9586867 | 10831616 | 20418483 | 10917851 | 9500632 |
| സംയുക്ത പദ്ധതി (ബ്ലോക്ക് പഞ്ചായത്ത്) | 1008424 | 2226796 | 3235220 | 2308677 | 926543 |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത് ) | 466767 | 1947607 | 2414374 | 1297181 | 1117193 |
| **കേന്ദ്രാവിഷ്കൃത പദ്ധതി** | | | | | |
| തൊഴിലുറപ്പ് പദ്ധതി | 1396 | 1278489 | 1279885 | 866170 | 413715 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 553274 | 785796 | 1339070 | 1200000 | 139070 |
| പൈക്ക | 87099 | 2998 | 90097 | 0 | 90097 |
| എസ്.എസ്.എ. | 4595 | 0 | 4595 | 0 | 4595 |
| സമ്പൂർണ്ണ ശുചിത്വ പദ്ധതി TSC | 483008 | 24000 | 507008 | 24000 | 483008 |
| ദേശീയ വികലാംഗ പുനരധിവാസ പദ്ധതി | 150000 | 0 | 150000 | 0 | 150000 |
| **സംസ്ഥാനാവിഷ്കൃത പദ്ധതി** | | | | | |
| വിമുക്തി | 28200 | 0 | 28200 | 0 | 28200 |
| ബഡ്സ് സ്കൂൾ | 186848 | 178015 | 364863 | 364863 | 0 |
| കേരളോത്സവം | 0 | 20000 | 20000 | 20000 | 0 |
| ലൈഫ് പദ്ധതി സംസ്ഥാന വിഹിതം | 0 | 3600000 | 3600000 | 3600000 | 0 |
| ലൈഫ് പദ്ധതി വായ്പ | 0 | 4083307 | 4083307 | 4083307 | 0 |
| ശുചിത്വ മിഷൻ | 2584431 | 0 | 2584431 | 412766 | 2171665 |

**കുറിപ്പ് :** 1) ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ തൻ വർഷം 1,07,16,182/- രൂപയാണ് വരവ് . പ്രസ്തുത അക്കൗണ്ടിൽ തനത് ഫണ്ട് വരവിനങ്ങളും, മറ്റ് പലവിധ വരവ് ഇനങ്ങളും ഉൾപ്പെടുന്നതിനാൽ , പ്രസ്തുത ടി.എസ്.ബി അക്കൗണ്ടിലെ മൊത്തം വരവ് ചെലവുകൾ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2) തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതനം, സാധന സാമഗ്രികളുടെ വില എന്നീയിനങ്ങളിൽ 2019-20 വർഷം 3,61,67,368/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ ആയത് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) വിവിധ ക്ഷേമ പെൻഷൻ ഇനങ്ങളിലായി 2019-20 വർഷം 1,34,37,900/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ (DBT) ചെയ്തിട്ടുണ്ട്. രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ

ഉൾപ്പെടാത്തതിനാൽ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 194 | 95429667 | 114 | 44849559 | - | 80 | 58.76 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2019-20 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2019-20 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 19 | 4465949 | 15 | 2274540 | 51 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 12 | 3245289 | 9 | 1978855 | 61 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 105 | 44926392 | 44 | 13254297 | 29.50 |
| 4 | കൃഷി ഓഫീസർ | 10 | 6359323 | 5 | 3511944 | 55.22 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 17 | 19899344 | 14 | 12194832 | 61.28 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 5611800 | 5 | 4834391 | 86.14 |
| 7 | വെറ്റനറി സർജ്ജൻ | 5 | 3049970 | 5 | 1193886 | 39.14 |
| 8 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 4 | 1500000 | 4 | 1500000 | 100 |
| 9 | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | 7 | 2000600 | 6 | 1545912 | 77.27 |
| 10 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 2 | 260000 | 2 | 257500 | 99 |
| 11 | പ്രധാനാധ്യാപകൻ | 7 | 1611000 | 4 | 481000 | 29.85 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 2500000 | 1 | 1822402 | 72.89 |
| | ആകെ | 194 | 95429667 | 114 | 44849559 | 46.99 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 1396 | 1278489 | 1279885 | 866170 | 413715 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 36167368 | 36167368 | 36167368 | 0 |
| ആകെ | 1396 | 37445857 | 37447253 | 37033538 | 413715 |

(കൂടാതെ 2018-19 വർഷം 100 ദിനം തൊഴിൽ എടുത്തവർക്കുള്ള ഇൻസെന്റീവ് ഇനത്തിൽ സംസ്ഥാന സർക്കാർ അനുവദിച്ച 5,34,000/- രൂപയും തൻ വർഷം വിനിയോഗിച്ചിട്ടുണ്ട്)

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2019-20 വർഷം 1778 പദ്ധതികളുൾപ്പെടുന്ന 56.61 കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 322 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 128875 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ദിനം ലഭിച്ച 133 കുടുബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമ പഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 2703000 | 786 |
| വിധവാപെൻഷൻ | 4485600 | 1258 |
| വാർദ്ധക്യകാലപെൻഷൻ | 4956900 | 1319 |
| വികലാംഗപെൻഷൻ | 943200 | 262 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 349200 | 98 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 210000 | 7 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.09.2021 തീയ്യതിയിൽ 3 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 39,453/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

### പൊതു നിയന്ത്രണം

01.10.2019 ലെ ഉത്തരവ് നം എ2/27/2015/എസ്.സി.-2പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ദൈനം ദിന പ്രവർത്തനത്തിൽ നിരവധി സോഫ്റ്റ്വെയറുകൾ ഉപയോഗിക്കുന്നുണ്ട്. എന്നാൽ പുതിയ ഓഫീസ് ഉത്തരവിൽ ഓരോ ജീവനക്കാർക്കും ചുമതലകൾ വിഭജിച്ച് നൽകുമ്പോൾ സോഫ്റ്റ്വെയറുകളുടെ ഉപയോഗം അവയുടെ ബാക്ക്അപ്പ് എടുത്ത് സൂക്ഷിക്കൽ എന്നീ പരാമർങ്ങളൊന്നും ഇല്ല. ഈ അപാകതൾ പരിഹരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 28 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 18 പ്രാവശ്യവും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 21 പ്രാവശ്യവും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 16 പ്രാവശ്യവും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 30 പ്രാവശ്യവും യോഗം ചേരുന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിക്കുന്നുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാരെക്കൂടി പങ്കെടുപ്പിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2019-2020 സാമ്പത്തിക വർഷം 18 തവണ ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുന്നുണ്ട്.

**കൺട്രോൾ ഓവർ അക്കൗണ്ട്**

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്റുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. നവീകരിച്ച അക്കൗണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. സ്ഥാപനത്തിൽ കൃത്യമായും സമയബന്ധിതമായും സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് ഇടപാടുകൾ രേഖപ്പെടുത്തി വരികയും, ആയതുവഴി സ്ഥാപനത്തിന്റെ ഏതു സമയത്തുമുള്ള സാമ്പത്തിക നില പ്രതിഫലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ജനറൽ ലെഡ്ജറും സബ്സിഡി ലെഡ്ജറും ഉൾക്കൊള്ളുന്ന ഡബിൾ എൻട്രി സിസ്റ്റമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്. അംഗീകരിക്കപ്പെടേണ്ട ജേർണൽ എൻട്രികൾ അതാതു സമയത്തെ മേലുദ്യോസ്ഥൻമാർ അംഗീകരിക്കുന്നുണ്ട്. റസീറ്റ് ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. അഗ്നിബാധ, മോഷണം, പ്രകൃതി ദുരന്തം, രേഖകളിൽ കൃത്രിമം വരുത്തൽ എന്നിവയിൽ നിന്നും സംരക്ഷിക്കപ്പെടുന്ന തരത്തിലാണ് അക്കൗണ്ടിങ്ങ് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചുള്ളത്. ഓരോ അക്കൗണ്ടിങ്ങ് രേഖളിലേക്കുമുള്ള പ്രവേശനവും (ലോഗിൻ വഴി) നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥർക്കായി പരിമിതപ്പെടുത്തിട്ടുണ്ട്.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകൾ കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൗണ്ട് റൂളുകളും അക്കൗണ്ടിംഗ് പോളിസികളും പാലിക്കുന്നുണ്ട്. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തു വരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. അക്കൗണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപെട്ടിട്ടുണ്ട്. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

**പണത്തിനും ബാങ്കിനും മുകളിലുള്ള നിയന്ത്രണം**

പഞ്ചായത്തിൽ നിലനിർത്തിപോരുന്ന എല്ലാ ബാങ്ക് അക്കൗണ്ടുകളുടേയും മുഴുവൻ ലിസ്റ്റ് നിലവിലുണ്ട്. വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വികരിച്ചു വരുന്നത്.

**ഡി.സി.ബി വരവുകളിൻ മേലുള്ള നിയന്ത്രണം**

ഓരോ വരവിനത്തിലുമുള്ള ഡിമാന്റുകൾ കൃത്യമായി ഡി.സി.ബി. രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും തുടർനടപടികൾ സ്വികരിക്കുകയും ചെയ്തുവരുന്നുണ്ട്. ഡി.സി.ബി. വരവുകൾ കാഷ് ബുക്കിലും ലെഡ്ജറുകളിലും കൃത്യമായി രേഖപ്പെടുത്തുകയും റികൺസിലിയേഷൻ നടത്തുകയും ചെയ്യുന്നുണ്ട്.

**നികുതി -നികുതിയേതര വരവുകളിൽ മേലുള്ള നിയന്ത്രണം**

വരവിനങ്ങളെല്ലാം കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റവെയർ മുഖേനയാണ്. തൻവർഷം 99 % നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്.

**കൺട്രോൾ ഓവർ പ്രൊക്യൂർമെന്റ്.**

ഗ്രാമ പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റി നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി 2019-2020 വർഷത്തിൽ ആകെ 4 തവണ യോഗം ചേർന്നിട്ടുണ്ട്.

സാധന സാസാമഗ്രികൾ സമാഹരിക്കുന്നതിനുള്ള ചട്ടങ്ങളും സ്റ്റോർ പർച്ചേസ് ചട്ടങ്ങളും സ്ഥാപനം അനുസരിക്കുന്നുണ്ട്. സാധന സാമഗ്രികളുടെ സമാഹരണവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

**കൺട്രോൾ ഓവർ പേറോൾ**

ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നില്ല. ജീവനക്കാരുടെ ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും സമയാസമയങ്ങളിൽ അംഗീകാരം വാങ്ങുന്നില്ല. ഗ്രാമ പഞ്ചായത്ത് ഓഫീസിലെ അക്കൗണ്ടന്റ് ശ്രീ.ഷിനോജ് സി.എച്ച് -ന്റെ ശമ്പളം ജി.ഒ (പി) നം. 85/2011/Fin തീയതി 26.02.2011, ജി.ഒ (പി) നം 7/2016/Fin തീയതി 20.01.2016, പ്രകാരം പരിഷ്കരിച്ചത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും അംഗീകാരം വാങ്ങിയിട്ടില്ല.

ജീവനക്കാരുടെ ശമ്പളം നിലവിൽ ബാങ്ക് അക്കൗണ്ട് വഴിയാണ് നൽകുന്നത്. ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്. NPS പെൻഷൻ പദ്ധതിയിലുൾപ്പെടുന്ന ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും കൃത്യമായി ഈടാക്കുന്നുണ്ട്.

**രജിസ്റ്ററുകളുടെ സൂക്ഷിപ്പിൻമേലുള്ള നിയന്ത്രണം**

ഗ്രാമ പഞ്ചായത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്കവറി സംബന്ധമായ രജിസ്റ്റർ, തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. ഇൻകുബൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. സ്യൂട്ട് രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, എന്നിവ സൂക്ഷിച്ചിട്ടില്ല. ആയത് അടിയന്തിരമായും എഴുതി സൂക്ഷിക്കേണ്ടതാണ്.

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. 01.10.2019 ലെ ഉത്തരവ് നം എ2/27/2015/എസ്.സി-2 പ്രകാരമുള്ള ജീവനക്കാരുടെ ജോലി വിഭജനത്തിൽ ഓരോ സെക്ഷനും പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും ആയത് രണ്ടാഴ്ചയിലൊരിക്കൽ ഹെഡ് ക്ലാർക്കിന് പരിശോധനയ്ക്കായി സമർപ്പിക്കേണ്ടതുമാണ് എന്ന് നിർദ്ദേശിക്കുന്നുണ്ട്. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയബന്ധിതമായി തീർപ്പ കൽപിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്.

**ആസ്തികളിൻമേലുള്ള നിയന്ത്രണം**

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്ഥാപനത്തിൽ അസറ്റ് രജിസ്റ്റർ എഴുതി തയ്യാറാക്കേണ്ടതും അതിന്റെ മൂല്യനിർണ്ണയം നടത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.

**1-10 തൊഴിൽ നികുതി - അപാകതകൾ**

2019-20 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, അർദ്ധവാർഷിക വരുമാന പത്രികകൾ എന്നിവ പരിശോധിച്ചതിൽ ഏതാനും ചില അപാകതകൾ കാണുകയുണ്ടായി. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1) തൊഴിൽ നികുതി ഈടാക്കിയതിൽ അപാകത.

2019-20 സാമ്പത്തിക വർഷത്തിൽ സ്ഥാപനത്തിലെ ഓഫീസ് മേധാവി/സ്ഥാപന ഉടമ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന ജീവനക്കാരനിൽ നിന്നും തൊഴിൽ നികുതി അടവാക്കിയതിൽ കുറവ് വന്നിട്ടുണ്ട് . വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേരും | ജോലി ചെയ്യുന്ന സ്ഥാപനം | നികുതി അടവാക്കേ | അർദ്ധ വാർഷിക | ഈടാ ക്കിയ | ഈടാക്കേ ണ്ടിയി | കുറവു വന്ന |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | തസ്തികയും | | ണ്ടുന്ന കാലയളവ് | വരുമാനം | നികുതി | രുന്ന നികുതി | തുക |
| 1 | ഷൈലജ ടി, പി. ടി. എസ്. | കോളേജ് ഓഫ് എഞ്ചിനീയറിങ്ങ് തൃക്കരിപ്പൂർ | 2019-20 ഒന്നാം അർദ്ധ വർഷം | 49,200/- | 300/- | 450/- | 150/- |

തൊഴിൽ നികുതി ഈടാക്കിയതിൽ കുറവു വന്ന തുക മേൽ പരാമർശിച്ച ജീവനക്കാരിൽ നിന്നും ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2) <u>സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.</u>

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204 വകുപ്പ് പ്രകാരം ജീവനക്കാരും /തൊഴിലാളികളും തൊഴിൽ സ്ഥാപനവും തൊഴിൽ നികുതി ഒടുക്കേണ്ടതുണ്ട്. തൊഴിൽ സ്ഥാപനങ്ങൾ അർദ്ധ വാർഷിക ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് നികുതി ഒടുക്കണം. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 2019-20 വർഷത്തിൽ താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നികുതി അടവാക്കേണ്ട കാലയളവ് |
|---|---|---|
| 1 | ഫ്രീഡം ഫ്യുവൽ സ്റ്റേഷൻ, ചീമേനി | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 2 | തേജസ്വിനി പെട്രോൾ പമ്പ്, ചീമേനി | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 3 | പാർത്ഥിവ് ഇലക്ട്രിക് വെഹിക്കിൾസ് | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 4 | വി വി എസ് ഫർണ്ണിച്ചർ വുഡ് ഇൻഡസ്ട്രീസ്, നരിയൻമൂല | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 5 | ന്യൂഹണി ഐസ്ക്രീം, ചീമേനി | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 6 | പി കെ സെയിൽസ് കോർപ്പറേഷൻ, പോത്തറംകണ്ടം | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 7 | ചീമേനി കോപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |

മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3) ശാരീരിക അവശത സ്ഥിരീകരിക്കുന്നതിനായുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

2019-20 വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേണുകൾ പ്രകാരം ചില ജീവനക്കാർക്ക് ശാരീരിക അവശത ഉണ്ടെന്ന കാരണത്താൽ നികുതി അടവാക്കുന്നതിൽ ഇളവ് നൽകിയിട്ടുണ്ട്. എന്നാൽ ശാരീരിക അവശത സ്ഥിരീകരിക്കുന്നതിനായുള്ള രേഖകൾ റിട്ടേണിനൊപ്പം സമർപ്പിച്ചിട്ടില്ല. വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേരും തസ്തികയും | ജോലി ചെയ്യുന്ന സ്ഥാപനം | നികുതി അടവാക്കേണ്ടുന്ന കാലയളവ് |
|---|---|---|---|
| 1 | ഗീത എം, ജൂനിയർ ലാംഗ്വേജ് ഹിന്ദി ടീച്ചർ | ജി യു പി എസ് നാലിലാംകണ്ടം | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 2 | ദയേഷ് കെ ജി, ട്രേഡ്സ്മാൻ ഇൻ ഇ സി ഇ | കോളേജ് ഓഫ് എഞ്ചിനീയറിങ്ങ് തൃക്കരിപ്പൂർ | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |

മേൽപരാമർശിച്ച ജീവനക്കാരിൽ നിന്നും ശാരീരിക അവശത സ്ഥിരീകരിക്കുന്നതിനായുള്ള രേഖകൾ ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

4) ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നികുതി അടവാക്കേണ്ട കാലയളവ് |
|---|---|---|
| 1 | ജില്ലാ കോ ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിങ്ങ് സൊസൈറ്റി | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 2 | പയ്യന്നൂർ ഖാദി കേന്ദ്രം, വലിയപെയിൽ | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |

മേൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
അപാകതകൾ പരിശോധിച്ച് പരാമർശിത രേഖകൾ/വിശദീകരണങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.06/07.10.2021)

**1-11 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - ലൈസൻസ് ഫീസ് പുതുക്കി നിശ്ചയിച്ചിട്ടില്ല.**

2017 ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള

പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017 ലെ സ.ഉ.(പി)നം. 80/2017/തസ്വഭവ പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ലൈസൻസ് ഫീസുകൾ പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. ചുമത്താവുന്ന പരമാവധി ഫീസാണ് ഭേദഗതി ചെയ്ത പട്ടിക രണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നിരിക്കെ സ്ലാബുകൾക്ക് അനുസൃതമായി ഗ്രാമപഞ്ചായത്ത് ചുമത്തുന്ന ഫീസിന് നിരക്ക് നിശ്ചയിച്ചിട്ടില്ല. മൂലധന നിക്ഷേപം അടിസ്ഥാനമാക്കാതെ പ്രതിദിന വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ തന്നെ ലൈസൻസ് ഫീസ് ഈടാക്കുകയാണ് ഉണ്ടായത്. ലൈസൻസ് ഫീസ് പുതുക്കി നിശ്ചയിക്കാത്തതിനു വിശദീകരണം ആവശ്യമാണ്.

(ഓഡിറ്റ് എൻക്വയറി നം.07/08.10.2021)

## <u>1-12 കെട്ടിട നിർമ്മാണ നിയന്ത്രണം- നടപടിക്രമങ്ങളിൽ വീഴ്ച.</u>

കെട്ടിട നിർമ്മാണ നിയന്ത്രണവുമായി ബന്ധപ്പെട്ട അപേക്ഷകളിന്മേൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നതിൽ സ്ഥാപനം ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. നടപടിക്രമങ്ങളിൽ മാതൃകാപരമായ മാറ്റങ്ങൾ പ്രാവർത്തികമാക്കുന്നതിനും സ്ഥാപനത്തിന് സാധിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ നിയന്ത്രണവുമായി ബന്ധപ്പെട്ട് സ്ഥാപനത്തിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു,

<u>കാലപരിധി പിന്നിട്ട പെർമിറ്റുകളെ നിരീക്ഷിക്കുന്നതിനുള്ള സംവിധാനമില്ല.</u>

മൂന്ന്/അഞ്ച് മുതൽ പത്ത് വർഷം വരെ കാലപരിധി പിന്നിട്ട പെർമിറ്റുകളെ യഥാസമയം തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കുന്നതിന് സഹായകമാകുന്ന ഒരു സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലവിലില്ല. അതത് വർഷങ്ങളിലെ പെർമിറ്റ് രജിസ്റ്ററുകളിൽ നിന്നും കാലപരിധി പിന്നിട്ട പെർമിറ്റുകളെ സംബന്ധിച്ച വിവര ശേഖരണം നടത്തി ഫീൽഡ് തല പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതിൽ സ്ഥാപനം ശ്രദ്ധ ചെലുത്തിയിട്ടില്ല. കെട്ടിട നിർമ്മാണ നിയന്ത്രണവുമായി ബന്ധപ്പെട്ട സങ്കേതം സോഫ്റ്റ്‌വെയറിലും മേൽ ചുമതല നിർവ്വഹിക്കുന്നതിന് സഹായകമാകുന്ന ഒരു നിരീക്ഷണ സംവിധാനമോ ഇത് സംബന്ധിച്ച ഒരു റിപ്പോർട്ടോ ഏർപ്പെടുത്തിയിട്ടില്ല.

മേൽ അപാകത മൂലം കാലപരിധി പിന്നിട്ടതും നിർമ്മാണം പൂർത്തീകരിച്ചതും എന്നാൽ പൂർത്തീകരണ സാക്ഷ്യപത്രം സമർപ്പിക്കാത്തതുമായ കെട്ടിട ഉടമകളെ കണ്ടെത്തി യഥാസമയം നടപടി സ്വീകരിക്കുവാൻ സ്ഥാപനത്തിന് സാധിക്കുന്നില്ല.

<u>ഫീൽഡ്തല പരിശോധനയുടെ അഭാവം</u>

2019-20 വർഷത്തിൽ 27 കെട്ടിടങ്ങളുടെ നിർമ്മാണം ഗ്രാമ പഞ്ചായത്ത് ക്രമവത്കരിച്ച് നൽകിയിട്ടുണ്ട്. (പെർമിറ്റിൽ നിന്നും വ്യതിചലിച്ച് അധിക നിർമ്മാണം നടത്തിയവ ഉൾപ്പെടെ) പഞ്ചായത്തിന്റെ അനുമതിയില്ലാതെ നടത്തിയ മേൽ നിർമ്മാണ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിൽ കണ്ടെത്തി നടപടിയെടുക്കുന്നതിന് സ്ഥാപനം നിരീക്ഷണ – പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. ഫീൽഡ്തല ചുമതലയുള്ള ജീവനക്കാരെ ഉപയോഗിച്ച് മേൽ നിർമ്മാണങ്ങൾ പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടെത്തുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല. വാണിജ്യാവശ്യത്തിന്

ഒക്യുപൻസി അനുവദിച്ച കെട്ടിടങ്ങളുടെ ചട്ട പ്രകാരമുള്ള പാർക്കിംഗ് ഏരിയായിൽ താത്കാലിക നിർമ്മാണങ്ങൾ നടത്തി വ്യാപാര ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്ന പ്രവണത സ്ഥാപന പരിധിയിൽ കണ്ടുവരുന്നു. ഇത്തരം നിർമ്മാണങ്ങളെ ഫീൽഡ് തല പരിശോധനയിലൂടെ കണ്ടെത്തി നടപടിയെടുക്കുന്നതിലും സ്ഥാപനത്തിന് സാധിച്ചിട്ടില്ല.

<u>അനധികൃത നിർമ്മാണങ്ങൾക്കെതിരെ തുടർനടപടിയില്ല.</u>

സഞ്ചയ പ്രകാരം ഗ്രാമപഞ്ചായത്തിൽ കേരള പഞ്ചായത്ത് രാജ് നിയമം 235 എ.എ പ്രകാരം നമ്പർ അനുവദിച്ച 24 കെട്ടിടങ്ങളുണ്ട്. മേൽ കെട്ടിടങ്ങളിന്മേൽ കേരള പഞ്ചായത്ത് രാജ് നിയമം 235 ഡബ്ളിയു പ്രകാരം തുടർ നടപടി സ്വീകരിക്കുന്നതിൽ സ്ഥാപനം വീഴ്ച വരുത്തിയിട്ടുണ്ട്.

അപാകതകൾ പരിഹരിക്കുന്നതിനായി താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ പാലിക്കേണ്ടതുമാണ്,

1. കാലപരിധി പിന്നിട്ടതും നാളിതുവരെ പൂർത്തീകരണ സാക്ഷ്യപത്രം സമർപ്പിക്കാത്തതുമായ പെർമിറ്റുകളെ പെർമിറ്റ് രജിസ്റ്ററിനെ അടിസ്ഥാനപ്പെടുത്തി കണ്ടെത്തി പട്ടിക തയ്യാറാക്കേണ്ടതും പ്രസ്തുത നിർമ്മാണങ്ങളുടെ തത്സ്ഥിതി ഫീൽഡ്തല പരിശോധനയിലൂടെ നിരീക്ഷിക്കേണ്ടതുമാണ്.
2. അനധികൃത നിർമ്മാണങ്ങൾ, പെർമിറ്റിൽ നിന്നും വ്യതിചലിച്ചുള്ള നിർമ്മാണങ്ങൾ എന്നിവ യഥാസമയം കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനും നിർമ്മാണാനന്തരമുള്ള സങ്കീർണ്ണതകൾ ഒഴിവാക്കുന്നതിനുമായി ഫീൽഡ് തല പരിശോധനാ ചുമതലയുള്ള ജീവനക്കാരുടെ ചുമതലകൾ പുനക്രമീകരിക്കേണ്ടതാണ്.
3. കേരള പഞ്ചായത്ത് രാജ് നിയമം 235 എ.എ പ്രകാരം നമ്പർ അനുവദിച്ച കെട്ടിടങ്ങളിന്മേൽ കേരള പഞ്ചായത്ത് രാജ് നിയമം 235 ഡബ്ളിയു പ്രകാരം തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## <u>1-13 ഇ ടെണ്ടർ - ബിഡ് സമർപ്പണ ഫീസ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചില്ല</u>

തൻ വർഷം ഇ-ടെണ്ടർ മുഖേന ഗ്രാമ പഞ്ചായത്ത് ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ബിഡ് സമർപ്പണ ഫീസായി ലഭിക്കുന്ന തുകകൾ കാസറഗോഡ് ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് വരവ് വന്നിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിൽ ലഭ്യമായ കണക്കനുസരിച്ച് 2019-2020 സാമ്പത്തിക വർഷത്തിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ നടത്തിയ 21 പൊതു മരാമത്ത് പ്രവൃത്തികളുടെ ബിഡ് സമർപ്പണ ഫീസായി 1,46,230/- രൂപ പഞ്ചായത്തിന് ലഭിക്കാനുണ്ട്. ഈ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ ലഭ്യമാക്കേണ്ടതാണ്. ഇത് കൂടാതെ 2014-15 വർഷം മുതൽ ഈ ഇനത്തിൽ ലഭിക്കാനുള്ള തുകകളും ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## <u>1-14 പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരന്റെ ആർജിതാവധി കണക്കാക്കിയതിലെ അപാകത.</u>

01.11.1989 ലെ ജി.ഒ (പി)നം 480/89/ഫിൻ പ്രകാരം പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്ക് ഒരു വർഷത്തിൽ ആർജിക്കാവുന്ന പരമാവധി ആർജിതാവധിയുടെ എണ്ണം 15 ദിവസമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ പാർട്ട് ടൈം ലൈബ്രേറിയൻ തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ. ജനാർദ്ദനൻ കെ.പി. യുടെ സേവന പുസ്തകം പരിശോധിച്ചതിൽ മേൽ പരാമർശിച്ച സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിക്കാതെ മുഴുവൻ ആർജിതാവധിയും കണക്കിലെടുത്തിട്ടുണ്ട്. ആയതിനാൽ ശ്രീ. ജനാർദ്ദനൻ കെ.പി. യുടെ ആർജിതാവധിയുടെ കണക്ക് 03.05.2011 മുതൽ ക്രമീകരിക്കേണ്ടതാണ്.

## <u>1-15 ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല</u>

നിർവ്വഹണോദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (അലോപ്പതി)

പ്രൊജക്ട് നം.0042/20 പ്രകാരമുള്ള സാന്ത്വന പരിചരണം പദ്ധതിയുടെ ഭാഗമായി ചെലവഴിച്ച 15,000/- രൂപയുടേയും (ട്രഷറി ബിൽനം 40/തിയതി 31/03/2020), പി.എച്ച്.സിക്ക് ആംബുലൻസ് (പ്രൊജക്ട് നം.0032/20) എന്ന പദ്ധതിയുടെ ഭാഗമായി ചെലവഴിച്ച 10,500/- രൂപയുടേയും (ട്രഷറി ബിൽനം 5/ തിയതി 12/07/2019) ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ

മേൽ ചെലവുകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. മേൽ പരാമർശിച്ച ചെലവുകളുടെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതുവരെ മേൽ പ്രകാരമുള്ള 25,500/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി.നം.5/2019-20 തിയതി.7.10.2021)

**<u>1-16 കന്നുകുട്ടി പരിപാലന പദ്ധതി - പദ്ധതി പൂർത്തികരിച്ചില്ല.</u>**

| | |
|---|---|
| പ്രൊജക്ട് നമ്പർ | 0086/2019-20 |
| പ്രോജക്ടിന്റെ പേര് | കന്നുകുട്ടി പരിപാലനം |
| അടങ്കൽ & ഫണ്ടിനം | 15,00,000/- (വികസനഫണ്ട് ജനറൽ 3,75,000 + സംസ്ഥാനാവിഷ്കൃത ഫണ്ട് 3,75,000 + മറ്റുള്ളവ 7,50,000) |
| ചെലവ് | 3,75,000/- (വികസന ഫണ്ട് ജനറൽ) |
| ബിൽനം/തീയതി/തുക | 28/19-20/09.03.20 – തുക - 3,75,000/- |
| നിർവഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം 4 - 6 മാസം വരെ പ്രായമുള്ള 120 കന്നുകുട്ടികളെ തെരഞ്ഞെടുത്ത് 32 മാസം വരെ പ്രത്യേക കാലിത്തീറ്റ നൽകി വളർത്തി ആരോഗ്യമുള്ള കാലി സമ്പത്ത് വളർത്തുക എന്നതാണ് ലക്ഷ്യം. പ്രസ്തുത ലക്ഷ്യം മുൻനിർത്തി പ്രൊജക്ട് പ്രകാരം വികസന ഫണ്ടിൽ നിന്നും 3,75,000/- രൂപ 120 കന്നുകുട്ടികളുടെ പരിപാലനത്തിനായി പഞ്ചായത്ത് വിഹിതമിനത്തിൽ ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, കാഫ്ഫീഡ് സബ്സിഡി സ്കീം കാസർഗോഡിന് അടവാക്കിയിട്ടുണ്ട്. തുക ഡെപ്യൂട്ടി ഡയറക്ടർ കൈപ്പറ്റിയതിന്റെ രശീതി, നാളിതുവരെയുള്ള വിനിയോഗവിവരം, ഭൗതിക പുരോഗതി റിപ്പോർട്ട് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ രേഖകളുടെ അഭാവത്തിലും, പദ്ധതി പൂർത്തികരിക്കാത്ത സാഹചര്യത്തിലും 3,75,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. പദ്ധതി പൂർത്തികരിച്ച് പൂർത്തികരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**<u>1-17 ലാപ് ടോപ്പ് വിതരണ പദ്ധതി -വാറന്റി ഉറപ്പാക്കിയിട്ടില്ല.</u>**

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

സ്പിൽ ഓവർ പദ്ധതിയായി നടപ്പിലാക്കിയ പ്രൊ.നം.0180/19-20/ (പ്രൊ.നം 0031/18-19 – പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് ലാപ് ടോപ്പ്) പ്രകാരം ടെണ്ടർ നടപടികൾ മുഖേന 3G മൊബൈൽ വേൾഡ് കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും 5 ലാപ് ടോപ് (₹1,45,900/- ട്രഷറി ബിൽ നം.2/27/06/2019) വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വാങ്ങൽ നടപടികളുമായി ബന്ധപ്പെട്ട 30.7.2018 ലെ ടെണ്ടർ പരസ്യത്തിലും, 21.1.2019 ലെ സപ്ലൈ ഓർഡറിലും 5 Year Comprehensive Onsite OEM Warranty Including Battery And Charger എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ സ്ഥാപനം നൽകിയ ടെണ്ടർ രേഖകൾ, കരാർ ഉടമ്പടി, ടാക്സ് ഇൻവോയ്സ് എന്നിവയിലൊന്നും തന്നെ മേൽ പരാമർശിച്ച പ്രകാരമുള്ള വാറന്റി വ്യവസ്ഥ അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടില്ല . മേൽ സ്ഥാപനം

വിതരണം ചെയ്ത ലാപ് ടോപ്പുകൾ പരിശോധിച്ച് ഗ്രാമ പഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റ് നൽകിയ സാക്ഷ്യപത്രത്തിൽ ലാപ് ടോപ്പുകൾക്ക് 1 വർഷ വാറന്റി മാത്രമാണ് ലഭ്യമായിക്കാണുന്നതെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സ.ഉ. (സാധാ) നം.2956/18 ത.സ്വ.ഭ.വ. തി.21.11.2018 സർക്കാർ ഉത്തരവ് പ്രകാരം ഇത്തരം പദ്ധതികൾ പ്രകാരം നൽകുന്ന ലാപ് ടോപ്പുകൾക്ക് മിനിമം 3 വർഷത്തെയെങ്കിലും വാറന്റി ഉണ്ടായിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ വിതരണ സ്ഥാപനം ഈ വ്യവസ്ഥകൾ പാലിച്ചതായി കാണുന്നില്ല. ടെക്നിക്കൽ അസിസ്റ്റന്റിന്റെ പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേൽ സ്ഥാപനവുമായി ബന്ധപ്പെട്ട് വിതരണം ചെയ്ത ലാപ് ടോപ്പുകൾക്ക് സർക്കാർ നിശ്ചയിച്ച വാറന്റി കാലയളവ് ഉറപ്പാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. മറുപടി ലഭ്യമാക്കുന്നതുവരെ പദ്ധതിയ്ക്കായി നടത്തിയ 1,45,900/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി.നം.4/19-20 തിയതി. 07.10.2021)

**1-18 വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.**

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി
2019-20 വർഷം നടപ്പാക്കിയ പട്ടിക വർഗ്ഗ കോളനികളിൽ സ്ട്രീറ്റ് മെയിൻ ലൈൻ ദീർഘിപ്പിക്കൽ പദ്ധതിയ്ക്കായി (പ്രൊ.നം. 0084/19-20) 1,99,950 രൂപ (ട്രഷറി ബിൽ.നം.11/18.01.2020) കെ.എസ്.ഇ.ബി. കയ്യൂർ സെക്ഷന് നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരണവുമായി ബന്ധപ്പെട്ട വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 1,99,950/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 4 /19-20 തിയതി 07.10.2021)

**1-19 ക്യാഷ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.**

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി
വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി 2019-20 വർഷത്തിൽ 19.78 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട് (സുലേഖ ചെലവ് പത്രിക പ്രകാരം). എന്നാൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ രേഖപ്പെടുത്തിയ ക്യാഷ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 12.04.2006 ലെ ജി.ഒ.(പി) നം.177/2006 ഉത്തരവിൽ നിർവ്വഹണ ഉദ്യോഗസ്ഥർ ക്യാഷ് ബുക്ക് പരിപാലിക്കുന്നത് സംബന്ധിച്ച് പരാമർശിച്ചിട്ടുള്ളതാണ്. എങ്കിലും പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ച മാതൃകയിലുള്ള ക്യാഷ് ബുക്കിൽ (TR 7A) നിർവ്വഹണ ഉദ്യോഗസ്ഥന്റെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇക്കാര്യം സൂചിപ്പിച്ചിരുന്നെങ്കിലും അപാകത പരിഹരിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടികൾ സ്വീകരിച്ചിട്ടില്ല. സർക്കാർ നർദ്ദേശിച്ച മാതൃകയിൽ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുവാനും, ഓഡിറ്റിന് ലഭ്യമാക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2019-20 | 29-09-2021 & 30-09-2021 | അനുബന്ധം 1 ൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട് |

### 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 15362 | ചെറുകര വി.സി.ബി നിർമ്മാണം | 15362 | 0 |
| | 2018-19 | 19800 | പ്രൊ.നം.0142-ലൈഫ് ഭവന പദ്ധതി (എസ്.ടി)(SO) | 19800 | 0 |
| | 2018-19 | 46719 | പ്രൊ.നം.0141-ലൈഫ് ഭവന പദ്ധതി (എസ്.സി)(SO) | 46719 | 0 |
| | 2019-20 | 200000 | പ്രൊ.നം.-0031- മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 200000 | 0 |
| | 2019-20 | 324600 | പ്രൊ.നം.0198-ലൈഫ് ഭൂരഹിത ഭവന രഹിതർക്ക് ഭൂമി | 324600 | 0 |
| | 2019-20 | 199930 | പ്രൊ.നം.0042-പാലിയേറ്റീവ് കെയർ | 199930 | 0 |
| | 2019-20 | 502266 | പ്രൊ.നം.0101-സമഗ്ര നെൽകൃഷി വികസനം | 502266 | 0 |
| | 2019-20 | 1000000 | പ്രൊ.നം.0113-ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 1000000 | 0 |
| | 2018-19 | 11111 | പ്രൊ.നം.0142-ലൈഫ് ഭവന പദ്ധതി (എസ്.ടി)(SO) | 11111 | 0 |
| | 2018-19 | 39063 | പ്രൊ.നം.0141-ലൈഫ് ഭവന പദ്ധതി (എസ്.സി)(SO) | 39063 | 0 |
| | 2019-20 | 225000 | പ്രൊ.നം.-0031- മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 225000 | 0 |
| | 2019-20 | 35400 | പ്രൊ.നം.0198-ലൈഫ് ഭൂരഹിത ഭവന രഹിതർക്ക് ഭൂമി | 35400 | 0 |
| | 2019-20 | 99622 | പ്രൊ.നം.0042-പാലിയേറ്റീവ് കെയർ | 99622 | 0 |
| | 2019-20 | 265183 | പ്രൊ.നം.0101-സമഗ്ര നെൽകൃഷി വികസനം | 265183 | 0 |
| | 2019-20 | 322402 | പ്രൊ.നം.0113-ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 322402 | 0 |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ എജൻസി | പ്രൊജക്റ്റിന്റെ പേര് | വൗച്ചർ നം /ബിൽ .നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| KSEB കയ്യൂർ സെക്ഷൻ | പ്രൊ.നം.0184/2019-20 ഇലക്ട്രിക് പോസ്റ്റ് മാറ്റൽ (മുഴക്കോം ദിനേശ് ബീഡി കമ്പനി റോഡ് & കാക്കടവ് അറുകര റോഡ്) | 21900441/ തി. 25.09.2019 | 1,02,717/- | 0 | 1,02,717/ |

| | | | | | |
|---|---|---|---|---|---|
| KSEB കയ്യൂർ സെക്ഷൻ | പ്രൊ.നം.0084/19-20 പട്ടിക വർഗ്ഗ കോളനി കളിലേയ്ക്ക് സ്ട്രീറ്റ് മെയിൻ ലൈൻ വലിക്കൽ | ബിൽ.നം 11/ 18.01.20 | 1,99,950/- | 0 | 1,99,950/- |
| KSEB കയ്യൂർ സെക്ഷൻ | പ്രൊ.നം.0209/19-20 സ്ട്രീറ്റ് മെയിൻ ലൈൻ വലിക്കൽ | 21901084/ തി. 27.02.20 | 2,09,643/- | 2,09,643/- | 0 |
| | | ബിൽ.നം 19/ 29.02.20 | 7,300/- | 7,300/- | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ലൈഫ് ഭവന പദ്ധതി വായ്പയിനത്തിൽ 40,83,307/- രൂപ തൻ വർഷം വരവുണ്ട്. ലഭിച്ച വായ്പ തുകയുടെ വിവരവും വായ്പയിനത്തിലുള്ള തിരിച്ചടവിന്റെ വിവരവും ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയ്യതി | വായ്പ തുക | വർഷാരം ഭത്തിൽ തിരിച്ചട ക്കാൻ ബാക്കി ഉണ്ടായി രുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി (KURDFC) വായ്പ | ജി.ഒ.(എം.എസ്) നം. 68/2018/ ത.സ്വ.ഭ.വ. 18.5.2018, ജി.ഒ.(എം.എസ്) നം. 111/2018/ ത.സ്വ.ഭ.വ. 13.8.2018 | ₹17243307 | ₹12975000 + (തൻ വർഷ വരവ് 4083307) =17058307 | ₹1123235 | 0 | ₹15935072/- |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | വർഷം | | | |
| 2014-15 | 2.1, 2.2, 2.3, 2.4 | 2016-17 | അധ്യായം 2 അനുബന്ധം-4 | തൊഴിൽനികുതി ഈടാക്കാത്തത് | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 2015-16 | 2.4, 2.5 | 2016-17 | അധ്യായം 2 അനുബന്ധം-5 | തൊഴിൽ നികുതി ഈടാക്കാത്തത് | മറുപടി സമർപ്പിച്ചിട്ടുണ്ട് |

**4-9 ചാർജ്ജ്, സർചാർജ്ജ് നടപടികളുടെ വിവരം**

**എ)** ചാർജ്ജ് നടപടികൾ മുഖേന ഈടാക്കിയ തുക – ഇല്ല

**ബി)** സർചാർജ്ജ് നടപടികൾ മുഖേന ഈടാക്കിയ തുക – ഇല്ല

**4-10 ഓഡിറ്റ് പ്രത്യവലോകനം**

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹6,02,28,915/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹5,87,96,777/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹7,46,350/- |

(ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | ഇല്ല | ഇല്ല | ഇല്ല |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | ₹25,500/- | ഡോ.അരുൺ കുമാർ , മെഡിക്കൽ ഓഫീസർ അലോപ്പതി |
| 1-16 | ₹3,75,000/- | ഡോ.അഖിൽരാഗ്.ആർ , വെറ്റിനറി സർജ്ജൻ |
| 1-17 | ₹1,45,900/- | കെ,വി.സേവ്യർ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-18 | ₹1,99,950/- | കെ,വി.സേവ്യർ, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | ₹7,46,350/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇല്ല | ഇല്ല | ഇല്ല |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.കെ.എസ്.ഡി9-158/19(2), തി: 16.05.2019 | 4 |
| 1999-2000 | എൽ.എഫ്.കെ.എസ്.ഡി-3-223/13, തി: 20/03/2013 | 13 |
| 2000-01 പ്ലാൻ | കെ.എസ്.എ.കെ.എസ്.ഡി-11/643/16, തി: 19 | 6 |
| 2001-02 പ്ലാൻ | എൽ.എഫ്.കെ.എസ്.ഡി-3-926/11, തി: 10/08/2012 | 5 |
| 2000-01 (F) | എൽ.എഫ്.കെ.എസ്.ഡി-3-926/11, തി: 10/08/2012 | 7 |
| 2001-02 (F) | എൽ.എഫ്.കെ.എസ്.ഡി-3-926/11, തി: 10/08/2012 | 7 |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി-3/927/11, തി:21.03.2012 | 3 |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി3:46/10, തി:13.05.2011 | 9 |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി3:393/12, തി:02.06.2012 | 5 |
| 2005-06 | എൽ.എഫ്.കെ.എസ്.ഡി4:765/12 , തി:27.10.11/16.04.12 | 4 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി9/912//18, തി:02.08.2012 | 3 |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി7/86/13, തി: 09.04.2013 | 10 |
| 2008-09 | എൽ.എഫ്.കെ.എസ്.ഡി-7/428/13, തി:25/07/2013 | 9 |
| 2009-10 2010-11 | എൽ.എഫ്.കെ.എസ്.ഡി-9/238/16 തി: 09/09/2016 | 19 |
| 2011-12 | എൽ.എഫ്.കെ.എസ്.ഡി-8/344/15, തി: 10/06/2015 | 19 |
| 2012-13, 2013-14 | എൽ.എഫ്.കെ.എസ്.ഡി-8/600/2015 , തി: 05/11/2015 | 10 |
| 2014-15 | കെ.എസ്.എ/കെ.എസ്.ഡി-9/1337/2017 തി:01/01/2018 | 17 |
| 2015-16 | കെ.എസ്.എ/കെ.എസ്.ഡി 9-538/2017 തി.05/06/17 | 17 |
| 2016-17 | കെ.എസ്.എ/കെ.എസ്.ഡി 9-590/18 തി.25/06/18 | 17 |

| | | |
|---|---|---|
| 2017-18 | കെ.എസ്.എ/കെ.എസ്.ഡി 9 -1227/2018തി.06/6/19 | 20 |
| 2018-19 | കെ.എസ്.എ/കെ.എസ്.ഡി 9 -988/2019തി.29/10/19 | 16 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്.

## <u>അനുബന്ധം-1</u>
## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം - 3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| | **Kayyur - Cheemeni Grama Panchayat<br>INCOME & EXPENDITURE STATEMENT** | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 5233489.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 99098.00 |
| 140000000 | Fee & User Charges | I-4(b) | 851871.00 |
| 150000000 | Sale & Hire Charges | I-5(b) | 659133.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 92289186.00 |
| 171000000 | Interest Earned | I-8 | 208614.00 |
| 180000000 | Other Income | I-9 | 7061.00 |
| | **Total Income** | | **99348452.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 9944288.00 |
| 220000000 | Administrative Expenses | I-11(b) | 1324895.00 |
| 230000000 | Operations & Maintenance | I-12(b) | 1213693.00 |
| 240000000 | Interest & Finance Charges | I-13 | 665.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7894704.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 53903301.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 639564.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 104908.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 14181900.00 |
| 255000000 | Maintenance Projects | I-14(e) | 7624659.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 510500.00 |
| | **Total Expenditure** | | **97343077.00** |
| | **Gross Surplus/ Deficit of income over Expenditure** | | **2005375.00** |
| 280000000 | Prior Period Item | I-18 | -7297626.35 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **9303001.35** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# അനുബന്ധം - 4

## റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

**Kayyur - Cheemeni Grama Panchayat**

**RECEIPT & PAYMENT STATEMENT**

For the period from 01-April-2019 to 31-March-2020

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 17849612.00 |
| Cash | Cash | RP-40(a) | 138301.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1828540.00 |
| 130000000 | Rental income from Panchayat Properties | RP-3 | 9500.00 |
| 140000000 | Fees & User Charges | RP-4 | 627971.00 |
| 150000000 | Sale & Hire Charges | RP-5 | 659133.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 41968536.00 |
| 171000000 | Interest Earned | RP-9 | 208614.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7052633.00 |
| 350000000 | Other Liabilities | RP-36 | 414930.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 7061.00 |
| 330000000 | Secured Loans | RP-32 | 4083307.00 |
| 340000000 | Deposits Received | RP-34 | 6921.00 |
| 350000000 | Other Liabilities | RP-36 | 170480.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3149789.00 |
| 440000000 | Pre-paid Expenses | RP-45 | 35000.00 |
| 460000000 | Loans, Advances and Deposits | RP-47 | 6500.00 |
| | **Grand total** | | **78216828.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 3447988.00 |
| 220000000 | Administrative Expenses | RP-12 | 1324895.00 |
| 230000000 | Operations & Maintenance | RP-13 | 1213693.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 7156223.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 16518903.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 639564.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 104908.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 744000.00 |
| 255000000 | Maintenance Projects | RP-20 | 7624659.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 510500.00 |
| 280000000 | Prior Period item | RP-26 | -2027.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 412750.00 |
| 350000000 | Other Liabilities | RP-36 | 5198904.00 |
| | **Non Operating** | | |

| | | | |
|---|---|---|---|
| 240000000 | Interest & Finance Charges | RP-14 | 665.00 |
| 280000000 | Prior Period Item | RP-26 | -2396.00 |
| 330000000 | Secured Loans | RP-32 | 35000.00 |
| 340000000 | Deposits Received | RP-34 | 60301.00 |
| 350000000 | Other Liabilities | RP-36 | 1359920.00 |
| 410000000 | Fixed Assets | RP-38 | 7013981.00 |
| 412000000 | Capital work in Progress | RP-40 | 294939.00 |
| 440000000 | Pre-paid Expenses | RP-45 | 3869507.00 |
| 460000000 | Loans, Advances and Deposits | RP-47 | 1269900.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 19420051.00 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **78216828.00** |

## അനുബന്ധം - 5
## ബാലൻസ് ഷീറ്റ്

| Kayyur - Cheemeni Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 1017554.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 90382925.00 |
| | **Total Reserve & Surplus** | | **91400479.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5524086.00 |
| | **Total Grants, Contributions for Specific Purposes** | | **5524086.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 15935072.00 |
| | **Total Loans** | | **15935072.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 78149.00 |
| 350000000 | Other Liabilities | B-9 | 1729967.00 |
| | **Total Current Liabilities and Provisions** | | **1808116.00** |
| | **TOTAL LIABILITIES** | | **114667753.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 100735032.00 |
| 411000000 | Accumulated Depreciation | B-11 | -28946195.00 |
| 412000000 | Capital Work in Progress | B-11(a) | 6577284.00 |
| | | | |

| | | | |
|---|---|---|---|
| | **Total Fixed Assets** | | **78366121.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 290850.00 |
| 440000000 | Pre-paid Expenses | B-16 | 15621272.00 |
| 450000000 | Cash and Bank Balance | B-17 | 19420051.00 |
| 460000000 | Loans, Advances and Deposits | B-18 | 969459.00 |
| | **Total Current Assets, Loans and Advances** | | **36301632.00** |

| | |
|---|---|
| **Other Assets** | |
| **Miscellaneous Expenditure (To the Extent not written off)** | |
| TOTAL ASSETS | **114667753.00** |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്